പതിമൂന്നാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2011–2014)

## രണ്ടാമത് റിപ്പോർട്ട്

(2013 മാർച്ച് മാസം 25–ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(കുരിയോട്ടുമല ആദിവാസി കോളനി സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014)

## രണ്ടാമത് റിപ്പോർട്ട്

(2013 മാർച്ച് മാസം 25-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കുരിയോട്ടുമല ആദിവാസി കോളനി സന്ദർശനത്തിന്റെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്

767/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
(2011-2014)

## സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ

" ജെയിംസ് മാത്യു

ഡോ. എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴക്കൻ

" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

" ലൂഡി ലൂയിസ്

" എ. പ്രദീപ്കുമാർ

" എം. എ. വാഹിദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

" സി. ജോസ്, റിസർച്ച് ഓഫീസർ

" പി. ഹരി, അണ്ടർ സെക്രട്ടറി.

# ആമുഖം

കാടിന്റെ മക്കളെന്ന് ആലങ്കാരികമായി പറയുന്നുണ്ടെങ്കിലും സ്വന്തമായി സ്ഥലവും വീടുമില്ലാതെ യാതൊന്നിന്റെയും അവകാശികളല്ലാതെ പട്ടികവർഗ്ഗ വിഭാഗം ഇപ്പോഴും ജീവിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആദിവാസികൾക്ക് വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളെപ്പറ്റി അവർ ഒട്ടുംതന്നെ ബോധവാന്മാരല്ല. അതുകൊണ്ട് ആധുനിക സമൂഹത്തിന്റെയും ഉദ്യോഗസ്ഥ സംവിധാനങ്ങളുടെയും ചൂഷണം അവർക്ക് തിരിച്ചറിയാനാകുന്നുമില്ല. ആദിവാസികൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികൾ ജലരേഖകളായി മാറാതെ അവയുടെ ലക്ഷ്യത്തിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കാലാകാലങ്ങളായി ആദിവാസിക്ഷേമത്തിനായി ചെലവിടുന്ന ശതകോടികൾ, സർക്കാർ സംവിധാനങ്ങളുടെ കെടുകാര്യസ്ഥതമൂലം ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ പാഴായിപ്പോവുന്ന അവസ്ഥാവിശേഷമാണുള്ളത്. മാറിമാറി വരുന്ന സർക്കാരുകൾ വികസനകഥകളുടെ അവകാശവാദങ്ങൾ പങ്ക് വയ്ക്കുമ്പോഴും ആദിവാസി സമൂഹം തലചായ്ക്കാൻ ഒരിടവും ഉപജീവനമാർഗ്ഗവുമില്ലാതെ പകച്ചുനിൽക്കുന്നു.

സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലൂടെയാണ് ആ സമൂഹം സംസ്കാര സമ്പന്നമാകുന്നതും പുരോഗതി പ്രാപിക്കുന്നതും. കേരളത്തിലെ ആദിവാസിസമൂഹം നേരിടുന്ന വെല്ലുവിളികളെയും കഷ്ടപ്പാടുകളെയും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെയും സംബന്ധിച്ച് നിയമസഭയിൽ വിശദമായ ചർച്ചകൾ നടന്നിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ആദിവാസി ജനതയെ പുനരുദ്ധരിക്കുന്നതിനുള്ള ക്ഷേമപദ്ധതികൾ നടപ്പാക്കുമെന്ന് സർക്കാർ നിയമസഭയിൽ നിരവധി ഉറപ്പുകൾ നൽകുകയും ചെയ്തിരുന്നു. 12-ാം കേരള നിയമസഭയിലെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 271-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിന് കൊല്ലം ജില്ലയിലെ കുരിയോട്ടുമലയിൽ ആദിവാസികൾക്ക് വിതരണംചെയ്ത 100 ഏക്കർ ഭൂമിയിൽനിന്നും ഒഴിഞ്ഞുപോയവരെ പുനരധിവസിപ്പിക്കുമെന്ന ബഹു. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി നൽകിയ ഉറപ്പും ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 271-ാം നമ്പർ ചോദ്യത്തിന് കുരിയോട്ടുമലയിൽ ആദിവാസികൾക്കായി വിതരണംചെയ്ത ഭൂമിയിൽ അവർക്ക് വീടുവച്ചുനൽകുമെന്ന് ഗവൺമെന്റ് നൽകിയ ഉറപ്പും ഇപ്രകാരമുള്ളവയാണ്. കുരിയോട്ടുമലയിൽ ആദിവാസികൾക്ക് നൽകിയ ഭൂമിയെ സംബന്ധിച്ചും അവർക്കായി നിർമ്മിച്ചുനൽകിയ വീടുകളെ സംബന്ധിച്ചും വളരെയധികം ആക്ഷേപങ്ങൾ ഉണ്ടായി. അതിനാലാണ് അവിടം സന്ദർശിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനും ആദിവാസികളിൽ നിന്ന് പരാതി കേൾക്കുന്നതിനും സമിതി തീരുമാനം കൈക്കൊണ്ടത്. പ്രസ്തുത തീരുമാനമനുസരിച്ച് 2012 സെപ്റ്റംബർ 25-ാം തീയതി സമിതിയുടെ കുരിയോട്ടുമല

കോളനി സന്ദർശനത്തിന്റെയും പട്ടികവർഗ്ഗ വികസനം, നിർമ്മിതി കേന്ദ്രം, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽനിന്നുള്ള തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. കോളനി നിവാസികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും സുരക്ഷിതമായ വീട്, കുടിവെള്ളം, വൈദ്യുതി, റോഡ്, മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവ നിറവേറ്റുന്നതിനും സഹായകരമായ നിർദ്ദേശങ്ങൾ/ശുപാർശകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2013 ഫെബ്രുവരി 27-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2013, മാർച്ച് 25.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 271-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിൽ കൊല്ലം ജില്ലയിൽപ്പെട്ട കുരിയോട്ടുമല യിൽ 100 ഏക്കർ ഭൂമി ആദിവാസി കുടുംബങ്ങൾക്ക് വിതരണം നടത്തിയതിൽ വെള്ളവും വെളിച്ചവും ഇല്ല എന്ന കാരണത്താൽ 30-ൽപ്പരം കുടുംബങ്ങൾ ഒഴികെ ബാക്കിയുള്ളവർ സ്ഥലംവിട്ടുവെന്നും ഇവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും ഉന്നയിച്ചതിന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് എന്ന് ബഹു. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുകയുണ്ടായി. അതുപോലെ പന്ത്രണ്ടാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിലെ 271-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉപചോദ്യത്തിൽ പത്തനാപുരത്തെ കുരിയോട്ടുമല എന്ന ഗ്രാമപ്രദേശത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 100 ഏക്കറിൽ അധികം ഭൂമി 100-ഓളം കുടുംബങ്ങൾക്ക് പതിച്ചുനൽകുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിച്ചുനൽകാനും അവിടെ വൈദ്യുതി എത്തിക്കാനും തീരുമാനിച്ചിരുന്നുവെന്നും വൈദ്യുതി എത്തിച്ചെങ്കിലും ഇവർക്ക് വീടു നിർമ്മിച്ചുനൽകുവാൻ കഴിഞ്ഞില്ലെന്നും ഇവർക്ക് വീട് വച്ച് നൽകുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ എന്ന ഉപചോദ്യത്തിന് (17-9-2007-ൽ) ബഹുമാനപ്പെട്ട മെമ്പറുടെ കാലത്തിനുള്ളിൽത്തന്നെ ഈ വീടുകളുടെ പ്രശ്നം പരിഹരിക്കുമെന്ന് ബഹു. മന്ത്രി മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടികൾ രണ്ടും 12/5-ലെ 149-ാം നമ്പർ ഉറപ്പായും, 12/6-ലെ 106-ാം നമ്പർ ഉറപ്പായും ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിക്കുകയുണ്ടായി. പ്രസ്തുത ഉറപ്പുകളും അവയിൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകളും അനുബന്ധം I ആയി ചേർത്തിരിക്കുന്നു. പ്രസ്തുത ഉറപ്പുകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ 11-4-2012-നും 7-8-2012-നും ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണി ക്കുകയും സ്ഥലംവിട്ടുപോയവരുടെ പട്ടയം റദ്ദുചെയ്ത നടപടി ശരിയായില്ലെന്ന് അഭിപ്രായപ്പെടുകയും സ്ഥലം സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25-9-2012-ൽ കുരിയോട്ടുമല കേപ്പ് എഞ്ചിനീയറിംഗ് കോളേജ് കോൺഫറൻസ് ഹാളിൽ ബന്ധപ്പെട്ട വകുപ്പു പ്രതിനിധി കളുടെ സാന്നിദ്ധ്യത്തിൽ സമിതി യോഗംചേരുകയും മേൽവിഷയവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളിൽനിന്ന് പരാതികൾ സ്വീകരിക്കുകയും സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്തു.

**ഭൂമി വിതരണം**

15-2-2003-ലെ സ.ഉ. (എംഎസ്.) 19/2003/പജ.പവ.വിവ. ഉത്തരവ് പ്രകാരമാണ് കൊല്ലം ജില്ലയിലെ പത്തനാപുരം, കൊട്ടാരക്കര, കൊല്ലം, കരുനാഗപ്പള്ളി എന്നീ താലൂക്കുകളിലെ 114 ആദിവാസി കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതം ഭൂമിനൽകുന്ന തിന് ഉദ്ദേശിച്ചുകൊണ്ട് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ബഫല്ലോ ബ്രീഡിംഗ് ഫാമിന്റെ 100 ഏക്കർ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്തത്. ഭൂമി വിതരണം ചെയ്യുന്ന തിനുമുൻപ് അവ പ്ലോട്ടുകളായി തിരിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും അടിക്കാട് തെളിക്കുകയും ചെയ്തിരുന്നു. മറ്റ് സൗകര്യങ്ങൾ ഒന്നുംതന്നെ

ഏർപ്പെടുത്തിയിരുന്നില്ല. പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാലും പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള സാഹചര്യം പുനരധിവാസസ്ഥലത്ത് ഇല്ലാത്ത തിനാലും കൊല്ലം, കരുനാഗപ്പള്ളി, അച്ചൻകോവിൽ എന്നിവിടങ്ങളിൽനിന്നുള്ള 28 കുടുംബങ്ങൾ സ്ഥലം ഉപേക്ഷിച്ചു പോയി. 5-3-2010-ലെ ഉത്തരവ് പ്രകാരം ഇവരുടെ പട്ടയം റദ്ദ് ചെയ്യുകയുണ്ടായി (പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു).

114 കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതം ഭൂമിനൽകുന്നതിന് 114 ഏക്കർ ഭൂമി വേണ്ടിവരുന്നുണ്ട്. എന്നാൽ 100 ഏക്കർ ഭൂമി മാത്രമാണ് ഏറ്റെടുത്തത്. പ്രസ്തുത നടപടി വിചിത്രമാണെന്ന് സമിതി വിലയിരുത്തുന്നു. ഒരു സൗകര്യവും ഏർപ്പെടുത്താതെ യാണ് ഭൂമി വിതരണം ചെയ്തത്. താമസിക്കുന്നതിനോ തൊഴിലിൽ ഏർപ്പെടുന്നതിനോ ഒരു സൗകര്യവും ലഭ്യമാക്കിയിരുന്നില്ല. ഇതാണോ പുനരധിവാസം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്? ഇക്കാരണങ്ങളാലാണ് 28 കുടുംബങ്ങൾ പ്രസ്തുത സ്ഥലം ഉപേക്ഷിച്ചു പോയത്. പുനരധിവാസത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യത്തെ ഇല്ലാതാക്കുന്നതാണ് ഇത്തരം നടപടികൾ. 114 കുടുംബങ്ങളിൽ 28 കുടുംബങ്ങൾ സ്ഥലം ഉപേക്ഷിച്ച് പോയതിനാൽ ബാക്കി 86 കുടുംബങ്ങൾ അവശേഷിക്കുന്നുണ്ട്. എന്നാൽ പിന്നീട് 76 കുടുംബങ്ങൾക്കാണ് വീടുവയ്ക്കുന്നതിനുള്ള ധനസഹായം അനുവദിച്ചതായി കാണുന്നത്. അവശേഷിക്കുന്ന 10 കുടുംബങ്ങളുടെ കാര്യം എന്തായി എന്ന് വകുപ്പിന് പോലും മറുപടി പറയാൻ സാധിക്കുന്നില്ല എന്നത് അങ്ങേയറ്റം നിരാശാജനകമെന്ന് സമിതി വിലയിരുത്തുന്നു. 10 കുടുംബങ്ങൾ പുനരധിവാസഭൂമിയിൽ നിന്നും വിട്ടു നിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേൽകാരണങ്ങൾ കൊണ്ടായിരിക്കും അവർ ഭൂമിയിൽ സ്ഥിരതാമസത്തിന് മുതിരാത്തത്.

114 കുടുംബങ്ങൾക്കും ഒരു ഏക്കർവീതം ഭൂമി നൽകണമെന്നും എല്ലാ പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തിവേണം അവരെ പുനരധിവസിപ്പിക്കേണ്ടതെന്നും അതിനു ശേഷം മാത്രം വിട്ടുനിൽക്കുന്നവരെ തിരികെക്കൊണ്ടുവരണമെന്നും പട്ടയം റദ്ദുചെയ്തവർക്ക് മറ്റ് രീതിയിൽ പുനരധിവാസം നൽകിയിട്ടില്ലെങ്കിൽ തിരികെ കൊണ്ടു വന്ന് പുനരധിവസിപ്പിക്കണമെന്നും എല്ലാപേർക്കും തൊഴിൽസൗകര്യം ഏർപ്പെടുത്തണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. ഭാവിയിൽ നടത്തുന്ന പുനരധിവാസ പ്രവർത്തന ങ്ങൾക്ക് പാളിച്ചകൾ സംഭവിക്കാതിരിക്കാൻ ഒരു മാർഗ്ഗരേഖ തയ്യാറാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. മേൽപ്പറഞ്ഞ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

ഗതാഗത സൗകര്യം

കൃഷിക്കായി ഭൂമി വാങ്ങുമ്പോഴും വീടുവയ്ക്കുന്നതിനായി ഭൂമി തെരഞ്ഞെടുക്കു മ്പോഴും ഏറ്റവും ആദ്യംനോക്കുന്നത് പ്രസ്തുത ഭൂമിയിലേക്കുള്ള ഗതാഗത സൗകര്യമാണ്. ഇവിടെ 114 കുടുംബങ്ങൾക്കാണ് കൃഷിഭൂമിയും വീടുവയ്ക്കുന്നതിനായി സ്ഥലവുംനൽകിയത്. ഓരോ പ്ലോട്ടുകളിലേക്കും എത്തിച്ചേരുന്നതിനും അതുവഴി വീടു നിർമ്മാണത്തിനുള്ള സാധനസാമഗ്രികൾ എത്തിക്കുന്നതിനും മതിയായ റോഡുകൾ അത്യന്താപേക്ഷിതമാണ്. പ്ലോട്ടുകൾ തിരിച്ചുനൽകുമ്പോൾ റോഡുകൾക്കുവേണ്ടിയുള്ള സ്ഥലവും കണ്ടെത്തി അവ മാറ്റിവച്ചശേഷമാണ് ഒരേക്കർ വീതമുള്ള ഭൂമി

നൽകേണ്ടത്. റോഡിന് വേണ്ടിയുള്ള സ്ഥലം പൊതുസ്ഥലമെന്ന് വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കുരിയോട്ടുമല കോളനി സന്ദർശിച്ച സമിതിക്ക് ഈ രീതിയിലുള്ള ഗതാഗതസൗകര്യം നടപ്പിലാക്കിയിട്ടില്ല എന്ന് കണ്ടെത്താനായി. തുടക്കത്തിൽ സംഭവിച്ച പാളിച്ച 10 വർഷം കഴിഞ്ഞിട്ടും ഇന്നും നിലനിൽക്കുന്നു.

കോളനിയിലുടനീളം സമിതി കാൽനടയായി സന്ദർശിച്ച് ഗതാഗത സൗകര്യം വിലയിരുത്തുകയുണ്ടായി. റോഡ് ഏകദേശം കോളനിയിലെ മദ്ധ്യഭാഗത്ത് വന്ന് അവസാനിക്കുകയാണ്. വിവിധ പ്ലോട്ടുകളിലേക്ക് കാൽനടയായി മാത്രമേ സഞ്ചരിക്കാൻ കഴിയുകയുള്ളൂ. ഈ പാതകൾ വളരെ ദുർഘടം നിറഞ്ഞതും വൻ കയറ്റിറക്കമുള്ളതുമാണ്. കാട്ടുമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ളതിനാൽ രാത്രിയിൽ ഈ വഴിയിലൂടെയുള്ള സഞ്ചാരം അപകടസാദ്ധ്യതയേറിയതാണ്. ഈ പാതയിലൂടെ നിർമ്മാണ സാമഗ്രികൾ എത്തിക്കുക വളരെ വൈഷമ്യമേറിയതും ചെലവേറിയതുമാണ്. ഈ വഴികളിലൂടെയാണ് കുട്ടികൾക്ക് സ്കൂളുകളിൽ പോകേണ്ടത്. റോഡ് നിർമ്മാണം കോളനി രൂപീകരണവേളയിൽ വിഭാവനം ചെയ്തിരുന്നില്ലെന്നും അതിനായി പണം വകയിരുത്തിയിരുന്നില്ലെന്നും സമിതി കണ്ടെത്തുകയുണ്ടായി. ഭവനനിർമ്മാണത്തിന് കരാർ ഏറ്റെടുത്ത നിർമ്മിതി കേന്ദ്രമാണ് ഭവനനിർമ്മാണ ഫണ്ടിൽനിന്ന് നിലവിലെ റോഡ് നിർമ്മാണത്തിന് 3,53,518 രൂപ ചെലവഴിച്ചത്. പ്രസ്തുത തുക നിർമ്മിതികേന്ദ്രത്തിന് ലഭിക്കുന്നതിന് വളരെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നതായും മുഴുവൻ തുകയും ലഭിച്ചില്ല എന്നും അറിയാൻ കഴിഞ്ഞു. ഇതിൽനിന്ന് കോളനി നിർമ്മാണത്തിൽ വകുപ്പ് ഒരു പ്ലാനിംഗും നടത്തിയിരുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടതായി സമിതി വിലയിരുത്തുന്നു.

കുരിയോട്ടുമലയെ മാതൃകാ പട്ടികവർഗ്ഗ കോളനിയായി ഉയർത്തുന്നതിന് 20-3-2012-ലെ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്തിരിക്കുകയാണ് (പകർപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു). ഈ അവസ്ഥയിൽപ്പോലും ഗതാഗത സൗകര്യം മതിയായവിധം വിഭാവനംചെയ്യുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

<u>മേൽ സാഹചര്യത്തിൽ, പ്രഥമ പരിഗണന നൽകി എത്രയുംപെട്ടെന്ന് കുരിയോട്ടുമലയിലെ ഓരോ പ്ലോട്ടുകളിലേക്കും എത്തിച്ചേരുന്നതിനായി മതിയായ റോഡ് സൗകര്യം വിഭാവനംചെയ്ത് സമയബന്ധിതമായി റോഡ് നിർമ്മാണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. സർക്കാരിന്റെ പുനരധിവാസ മാർഗ്ഗനിർദ്ദേശങ്ങളിൽ റോഡ് നിർമ്മാണം ഉൾപ്പെടുത്തി പ്രഥമസ്ഥാനം നൽകേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

**ജലലഭ്യത**

പുനരധിവാസത്തിനുള്ള ഭൂമി കണ്ടെത്തുമ്പോൾ ഉറപ്പുവരുത്തേണ്ട ഘടകങ്ങളിലൊന്നാണ് ജലലഭ്യത. ജലലഭ്യത ഉറപ്പുവരുത്തിയശേഷം മാത്രമേ പുനരധിവാസം നടത്താവൂ എന്ന് സമിതി നിർദ്ദേശിക്കുന്നു. പുനരധിവാസ ഭൂമിയിൽ താമസിക്കുന്നവർക്കുള്ള ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനും കന്നുകാലി വളർത്തലിനും ശുദ്ധമായ കുടിവെള്ളവും കൃഷി നടത്തുന്നതിനായി ജലസേചന സൗകര്യവും ഏർപ്പെടുത്തിയ

ശേഷംമാത്രമേ കുടുംബങ്ങളെ അവർ താമസിച്ചിരുന്ന സ്ഥലങ്ങളിൽനിന്ന് പുതിയ പുനരധിവാസസ്ഥലത്തേക്കു മാറ്റിപ്പാർപ്പിക്കാവൂ. അതേസമയം കോളനി സന്ദർശിച്ച സമിതിക്ക് താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്താനായി:

കോളനിയിൽ ട്രൈബൽ മിഷൻ ഫണ്ട് ഉപയോഗിച്ച് വാട്ടർ അതോറിറ്റി മുഖേന പൈപ്പുകളും പൊതുടാപ്പുകളും സ്ഥാപിച്ച് ജലവിതരണം നടത്തിവരികയാണെങ്കിലും കോളനിയിലെ 15 പ്ലോട്ടുകളിൽ പൈപ്പുലൈനുകൾ എത്തിച്ചേർന്നിട്ടില്ലായെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലോട്ടുകളിൽ പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റി അടൂർ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുകൂടാതെ ആദ്യഘട്ടത്തിൽത്തന്നെ കോളനിയിൽ ട്രൈബൽ മിഷൻ ഫണ്ട് ഉപയോഗിച്ച് 84,686 രൂപ ചെലവിൽ ഭൂജല വകുപ്പ് മുഖേന 3 കുഴൽക്കിണറുകൾ കോളനിയിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 1 കിണറിൽ നിന്നുമാത്രമേ ജലം ലഭ്യമാകുന്നുള്ളൂ. ഒരു കിണറിൽ പാറ ആയതിനാൽ നിർമ്മാണം ഉപേക്ഷിച്ചു. മറ്റൊന്നിന് ആഴം കൂടുതലായതിനാൽ ഹാന്റ് പമ്പ് ഉപയോഗിച്ച് ജലം എടുക്കാൻ കഴിയുന്നില്ല. ഇതിൽ വൈദ്യുത മോട്ടോർ ഘടിപ്പിക്കേണ്ടതായുണ്ട്.

ARWSA പ്രകാരമുള്ള കുടിവെള്ള വിതരണ പദ്ധതി കേരള വാട്ടർ അതോറിറ്റി 23-3-2004-ൽ ആരംഭിച്ചു. ഈ പദ്ധതി 2009-10-ൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. ഈ പദ്ധതിപ്രകാരമുള്ള കിണർ, ട്രീറ്റ്മെന്റ് പ്ലാന്റ് & ജലസംഭരണി, പമ്പിംഗ് മെയിൻ ലെയ്ൻ പമ്പ് സെറ്റുകൾ, ഇലക്ട്രിക്കൽ സബ്-സ്റ്റേഷൻ എന്നീ പണികൾ പൂർത്തിയായി. വിതരണ ശൃംഖല ദർഘാസ് നടപടികൾ കഴിഞ്ഞു എങ്കിലും പണി തുടങ്ങിയിട്ടില്ല. എ.ആർ.പി. പദ്ധതിയിൽപ്പെടുത്തി 1628 ലക്ഷം രൂപയും ടെക്നോളജി മിഷനിൽപ്പെടുത്തി 191 ലക്ഷം രൂപയും ചേർത്ത് ആകെ 1819 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി ഇതിനായി അനുവദിച്ചു; ഈ പദ്ധതിക്കുവേണ്ടി അനുവദിച്ച തുക ഉപയോഗിച്ച് നിലവിൽ പൂർത്തിയായ പ്രവൃത്തികൾ കൂടാതെ പത്തനാപുരം, പിറവന്തൂർ പഞ്ചായത്തുകളിലെ പ്രധാന വിതരണ ശൃംഖലകൾകൂടി സ്ഥാപിക്കുവാൻ കഴിയും. ചെറിയ വിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനായി കൂടുതൽ തുക അനുവദിക്കേണ്ടതായിട്ടുണ്ട്. പത്തനാപുരം, പിറവന്തൂർ പഞ്ചായത്തുകളിൽ 105 കി.മീ. നീളത്തിൽ വിതരണക്കുഴലുകൾ സ്ഥാപിക്കുവാൻ 453 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിയുടെ രൂപരേഖ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി 31-12-2013-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ജലലഭ്യത ഉറപ്പുവരുത്തുന്നതിൽ വകുപ്പ് തീർത്തും പരാജയപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇക്കാരണം കൊണ്ടായിരിക്കും 13 കുടുംബങ്ങൾക്ക് ഭൂമി ആവശ്യമില്ല എന്ന് അറിയിച്ചതും 15 കുടുംബങ്ങൾ പട്ടയം കൈപ്പറ്റാൻ തയ്യാറാകാത്തതും. 10 കുടുംബങ്ങൾ മാറിത്താമസിക്കുവാൻ തയ്യാറാകാത്തതുമെന്നും സമിതി വിലയിരുത്തുന്നു. അതോടൊപ്പംതന്നെ പുനരധിവാസത്തിനായി ഭൂമി തെരഞ്ഞെടുത്തപ്പോഴും വകുപ്പ് ജലലഭ്യത കണക്കിലെടുത്തിരുന്നില്ലെന്നു സമിതി മനസ്സിലാക്കുന്നു. 2004-ൽ ആരംഭിച്ച കുടിവെള്ള പദ്ധതി 2013-ലാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. 69 കുടുംബങ്ങൾക്ക് ഇപ്പോഴും കുടിവെള്ളം കിട്ടുന്നില്ല എന്നും കണ്ടെത്തുകയുണ്ടായി.

ഇപ്രകാരത്തിലുള്ള വികലമായ വികസന പ്രവർത്തനങ്ങളാണ് ആദിവാസികളെ മുഖ്യധാരയിൽ എത്തിക്കുന്നതിൽ വിലങ്ങുതടിയായി നിൽക്കുന്നതെന്നും സമിതി ഓർമ്മിപ്പിക്കുന്നു.

ആദിവാസി പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുമ്പോൾ ആണ്ടുമുഴുവൻ നീണ്ടുനിൽക്കുന്ന ജലലഭ്യത ഉറപ്പാക്കണമെന്നും ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനും കൃഷിക്കും കന്നുകാലി വളർത്തലിനുമുള്ള ജലലഭ്യത നടപ്പിലാക്കിയശേഷം മാത്രമേ കുടുംബങ്ങളെ പുതിയ സ്ഥലത്തേക്ക് മാറ്റിപ്പാർപ്പിക്കാവൂ എന്നും സമിതി നിഷ്കർഷിക്കുന്നു. കുരിയോട്ടുമലയിൽ താമസിക്കുന്നവർക്ക് മേൽപ്പറഞ്ഞ ജലലഭ്യത മൂന്ന് മാസത്തിനുള്ളിൽ ഉറപ്പുവരുത്തണമെന്നും ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷണനടപടികൾക്ക് വിധേയമാക്കണമെന്നും ജലലഭ്യത ഉറപ്പാക്കിയശേഷം മാത്രം ബാക്കിയുള്ളവരെ പുനരധിവസിപ്പിക്കാവൂ എന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഭവനനിർമ്മാണ പദ്ധതികൾ**

പുനരധിവസിപ്പിക്കപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നതിലേക്ക് ആകെ 96 ലക്ഷം രൂപയാണ് 2004 മാർച്ച് മാസത്തിൽ സംസ്ഥാന ട്രൈബൽ മിഷൻ അനുവദിച്ചുനൽകിയിരുന്നത്. 2004-ൽ ഭവനനിർമ്മാണ ധനസഹായം വീട് ഒന്നിന് 75,000 രൂപ ആയിരുന്നു. 2008-ൽ നിർമ്മാണച്ചുമതല നിർമ്മിതി കേന്ദ്രത്തെ ഏല്പിക്കുമ്പോൾ ഭവനനിർമ്മാണ ധനസഹായ നിരക്ക് 1,00,000 രൂപയായി വർദ്ധിച്ചിരുന്നു. ആകയാൽ 1,00,000 രൂപനിരക്കിൽ 76 വീടുകൾ നിർമ്മിക്കുന്നതിനുള്ള 50% തുകയായ 38,00,000 രൂപയാണ് നിർമ്മിതികേന്ദ്രത്തിന് നൽകിയിട്ടുള്ളത്.

86 കുടുംബങ്ങളിൽ 50 കുടുംബങ്ങൾ കിഴിച്ചുള്ള 26 കുടുംബങ്ങളുടെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. 26 വീടുകളുടെ നിർമ്മാണം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ഗുണഭോക്താക്കളെക്കൊണ്ട് ചെയ്യിക്കുവാനാണ് തീരുമാനിച്ചിരുന്നതെങ്കിലും നിർമ്മിതി കേന്ദ്രവുമായുള്ള ഉടമ്പടി റദ്ദുചെയ്ത് തുക തിരിച്ചുപിടിക്കാൻ കഴിയാതിരുന്നതിനാലാണ് ടി വീടുകളുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കാതെവന്നിട്ടുള്ളത്.

2008 ജനുവരിയിൽ കുരിയോട്ടുമല പുനരധിവാസ കോളനിയിൽ ആകെ 76 കുടുംബങ്ങൾ മാത്രമായിരുന്നു സ്ഥിരമായി താമസിച്ചുവന്നിരുന്നത്. ആയതിനാലാണ് 76 വീടുകളുടെമാത്രം നിർമ്മാണച്ചുമതല നിർമ്മിതികേന്ദ്രത്തിന് നൽകിയിരുന്നത്. ശേഷിച്ച കുടുംബങ്ങൾ പുനരധിവാസ ഭൂമിയിൽനിന്നും വിട്ടുനിൽക്കുന്നതിനാൽ അവർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത 76 വീടുകളിൽ 50 വീടുകളുടെ നിർമ്മാണം ആരംഭിച്ചിരുന്നെങ്കിലും അതിൽ ഒന്നുപോലും പൂർത്തീകരിച്ചിരുന്നില്ല. 6-3-2010-ന് സംസ്ഥാന ട്രൈബൽ മിഷൻ സി.സി.എഫ്-ന്റെ അദ്ധ്യക്ഷതയിൽ കുരിയോട്ടുമല കോളനിയിൽചേർന്ന യോഗം ഇക്കാര്യത്തിൽ അതൃപ്തി അറിയിക്കുകയും നിർമ്മിതി കേന്ദ്രം നിർമ്മാണം ആരംഭിച്ച 50 വീടുകൾ ഒഴികെയുള്ള 26 വീടുകൾ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ഗുണഭോക്താക്കളെക്കൊണ്ട്

ചെയ്യിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതികേന്ദ്രത്തിന് നൽകിയ വീടുകളുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തിക്കൊണ്ട് ഉടമ്പടി ഭേദഗതി ചെയ്യുന്നതിനും 26 വീടുകളുടെ നിർമ്മാണത്തിനുള്ള തുക നിർമ്മിതി കേന്ദ്രത്തിൽനിന്നും തിരിച്ചുപിടിക്കുന്നതിനും കൊല്ലം ജില്ലാ കളക്ടർ, റ്റി.ആർ.ഡി.എം. എന്നിവർക്ക് ശുപാർശ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതിയുമായുള്ള കരാർ റദ്ദ് ചെയ്ത് ബാക്കി തുക തിരിച്ചുപിടിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൊല്ലം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയും ജില്ലാകളക്ടർ ഇതു സംബന്ധിച്ച കർശനനിർദ്ദേശം 6-10-2010-ന് സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ യാതൊരു തുടർ നടപടികൾക്കും തയ്യാറാകാതെ തുടർന്നുള്ള യോഗങ്ങളിൽ ഒട്ടേറെ കണക്കുകൾ നിരത്തി ഈ പദ്ധതി വലിയ നഷ്ടമുണ്ടാക്കിയതായി വരുത്തിത്തീർത്ത് പദ്ധതിയിൽനിന്നും പിൻവലിയുന്നതിനാണ് നിർമ്മിതികേന്ദ്രം ശ്രമിക്കുന്നത്.

കുരിയോട്ടുമലയിലെ ആദിവാസി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നതിനുവേണ്ടി സംസ്ഥാന നിർമ്മിതികേന്ദ്രത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്. 76 വീടുകളുടെ നിർമ്മാണച്ചുമതലയാണ് നിർമ്മിതികേന്ദ്രത്തെ ഏല്പിച്ചിരുന്നത്. വീടുകൾ പൂർത്തിയാക്കുന്നതിന് പ്രത്യേക സമയപരിധി ഉടമ്പടിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2008 ജനുവരി മാസത്തിലാണ് നിർമ്മിതികേന്ദ്രം ഭവനനിർമ്മാണം ഏറ്റെടുത്തിരുന്നത്. 76 വീടുകൾ നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നെങ്കിലും 47 വീടുകളുടെ നിർമ്മാണം മാത്രമേ നിർമ്മിതികേന്ദ്രം ആരംഭിച്ചിരുന്നുള്ളൂ. 3 വീടുകളുടെ നിർമ്മാണം ഗുണഭോക്താക്കൾ സ്വന്തംനിലയ്ക്ക് നിർമ്മിതിയുടെ മേൽനോട്ടത്തിലാണ് നടത്തിയത്. നിർമ്മാണം ആരംഭിച്ച 47 വീടുകളുടെ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| റൂഫ് കോൺക്രീറ്റ് | .. | 23 |
| റൂഫ് ലെവൽ വരെ | .. | 2 |
| ഷെയ്ഡ് ലെവൽ വരെ | .. | 19 |
| എർത്ത്കട്ടിംഗ് & ലെവലിംഗ് | .. | 3 |

നിർമ്മിതികേന്ദ്രം മുഖേനയുള്ള ഭവനനിർമ്മാണത്തിൽ കാലതാമസം ഉണ്ടായ അവസരത്തിലാണ് 3 ഗുണഭോക്താക്കൾ അവരുടെ വീടുകളുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തത്. ടി 3 വീടുകൾ ഉൾപ്പെടെ 76 വീടുകളുടെ നിർമ്മാണത്തിനായുള്ള 50% തുക നിർമ്മിതികേന്ദ്രത്തിന് നൽകിയിരുന്ന സാഹചര്യത്തിൽ ടി 3 വീടുകളുടെ നിർമ്മാണത്തിന് നിർമ്മിതികേന്ദ്രം തന്നെയാണ് ഗുണഭോക്താൾക്ക് തുകയും നിർദ്ദേശങ്ങളും നൽകിയിരുന്നത്. ടി 3 വീടുകളുടെ ഇപ്പോഴത്തെ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഭിത്തിമട്ടം | .. | 1 |
| ബേയ്സ്മെന്റ് ലെവൽ | .. | 2 |

5-9-2007-ലെ ഗവൺമെന്റ് ഉത്തരവിൻപ്രകാരം വീടൊന്നിന് ഒരു ലക്ഷം രൂപാ നിരക്കിൽ കൊല്ലം ജില്ലയിൽ കുരിയോട്ടുമല ആദിവാസി കോളനിയിലെ 76 വീടുകളുടെ

നിർമ്മാണം സംസ്ഥാന നിർമ്മിതികേന്ദ്രത്തിനെ ഏല്പിക്കുകയുണ്ടായി. 29-12-2007-ൽ കൊല്ലം ജില്ലാ കളക്ടറുമായി ടി നിർമ്മാണപ്രവർത്തനത്തിന്റെ ഉടമ്പടിവയ്ക്കുകയും 12-3-2008-ൽ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. 76 വീടുകളുടെ എസ്റ്റിമേറ്റ് തുകയായ 76 ലക്ഷംരൂപയുടെ 50 ശതമാനം തുകയായ 38 ലക്ഷംരൂപ അഡ്വാൻസായി ലഭിക്കുകയും ചെയ്തു.

പ്രസ്തുത കെട്ടിടനിർമ്മാണത്തിന് അംഗീകാരം നൽകിയിരുന്ന തറവിസ്തീർണ്ണം 300 ചതുരശ്ര അടി (27.90m$^2$) ആയിരുന്നു. അതിൻപ്രകാരം 10 വീടുകളുടെ അടിത്തറ നിർമ്മാണം പൂർത്തിയാക്കിയിരുന്നു. എന്നാൽ തദ്ദേശവാസികൾ ഉൾപ്പെട്ട യോഗ തീരുമാനപ്രകാരം രൂപരേഖയിൽ ചെറിയ മാറ്റംവരുത്തി തറവിസ്തീർണ്ണം 337 ചതുരശ്ര അടി (31.28 m$^2$) ആയി വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ രേഖാമൂലമുള്ള അനുമതി അതിനു ലഭ്യമായിരുന്നില്ല. നിർമ്മാണം ആരംഭിച്ച വീടുകൾ ഉൾപ്പെടെ എല്ലാവീടുകളും പുതിയ രൂപരേഖ പ്രകാരം നിർമ്മാണം പുനരാരംഭിച്ചു.

വീടുകളുടെ നിർമ്മാണപ്രവർത്തനം തുടങ്ങുന്നതിനു മുന്നോടിയായി അവിടുത്തെ തദ്ദേശവാസികളായ ഗുണഭോക്താക്കൾക്ക് മേസണറി പരിശീലനം നൽകാൻ നിർമ്മിതി കേന്ദ്രം തീരുമാനിച്ചിരുന്നു. 16 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുകയും ചെയ്തു. പരിശീലനത്തോടൊപ്പം ഒരാൾക്ക് പ്രതിദിനം 125 രൂപ സ്റ്റൈപ്പന്റ് നൽകിയിരുന്നു. മേൽ പ്രവർത്തനങ്ങൾക്കും ഓഫീസിനുമായി വർക്ക്ഷെഡ്ഡും നിർമ്മിച്ചിരുന്നു.

മതിയായ റോഡ് സൗകര്യം ഇല്ലാത്തതിനാൽ നിർമ്മാണസാമഗ്രികൾ സൈറ്റുകളിൽ എത്തിക്കുക ദുഷ്ക്കരമായിരുന്നു. നിർമ്മാണത്തിന് ആവശ്യമുള്ള വെള്ളം ആകെയുള്ള ഒരു കിണറിൽ നിന്നും ആദ്യഘട്ടത്തിൽ തലച്ചുമടായി സൈറ്റുകളിൽ എത്തിക്കുകയായിരുന്നു ചെയ്തത്. കരാർ പ്രകാരം വെള്ളം, വൈദ്യുതി എന്നിവ നിർമ്മാണ സൈറ്റുകളിൽ ലഭ്യമാക്കേണ്ടത് ജില്ലാ കളക്ടറുടെ ഉത്തരവാദിത്വമാണെങ്കിലും ഇവ രണ്ടും നിർമ്മിതി കേന്ദ്രത്തിന്റെ സ്വന്തംചുമതലയിൽ പിന്നീട് ഏർപ്പെടുത്തുകയായിരുന്നു. മണലിന്റെ ദൗർലഭ്യംമൂലം സമീപ പ്രദേശത്തുള്ള ഒരു കടവിൽനിന്നും മണൽ അനുവദിച്ചുകൊണ്ടുള്ള പാസ്സ് ലഭ്യമായിരുന്നുവെങ്കിലും ആവശ്യത്തിനുള്ള മണൽ അവിടെനിന്നും കിട്ടിയിരുന്നില്ല. ജില്ലാ കളക്ടറുടെ യോഗ തീരുമാനപ്രകാരം നിർമ്മാണപ്രവർത്തനങ്ങളിലുള്ള ബുദ്ധിമുട്ട് പരിഗണിച്ച് നിർമ്മിതി കേന്ദ്രം പൂർത്തിയാക്കേണ്ട വീടുകളുടെ എണ്ണം 76-ൽ നിന്നും 50 ആയി കുറച്ചു. ഇതിൽ 3 വീടുകൾ ഗുണഭോക്താക്കൾ തന്നെ സ്വന്തംനിലയിൽ പൂർത്തിയാക്കിക്കൊള്ളാം എന്ന വ്യവസ്ഥയിലായിരുന്നു. അതിൻ പ്രകാരം ഈ മൂന്ന് ഗുണഭോക്താക്കൾക്കും 15,000 രൂപാ വീതം ബെയ്സ്മെന്റ് നിർമ്മാണം പൂർത്തിയാക്കിയപ്പോൾ നൽകിയിരുന്നു. ബാക്കി 47 വീടുകളുടെ നിർമ്മാണം നിർമ്മിതികേന്ദ്രം ആരംഭിക്കുകയും ചെയ്തു. എന്നാൽ നിർമ്മാണ സാമഗ്രികളുടെയും വെള്ളത്തിന്റെയും ലഭ്യതക്കുറവും സൈറ്റുകളിൽ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടും കാരണം നിർമ്മാണം പലപ്പോഴായി തടസ്സപ്പെട്ടു. ഈ കാലതാമസംമൂലം എസ്റ്റിമേറ്റ് തുകയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി.

എന്നിരുന്നാലും അതുവരെ പൂർത്തിയാക്കിയ നിർമ്മാണപ്രവൃത്തികളുടെ ധനവിനിയോഗത്തുക (34.5 ലക്ഷം രൂപ) ഉൾപ്പെടുത്തി ജില്ലാ കളക്ടർക്ക് 4-5-2010-ൽ കത്ത് സമർപ്പിച്ചിരുന്നു. ടി കത്തിൽ 50 വീടുകൾ പൂർത്തിയാക്കുന്നതിനാവശ്യമായ ബാക്കി തുകയ്ക്കുവേണ്ടിയും അപേക്ഷിച്ചിരുന്നു. എന്നാൽ 6-10-2010-ലെ ജില്ലാ കളക്ടറുടെ കത്തുപ്രകാരം നിർമ്മാണപ്രവൃത്തികൾക്ക് ചെലവായ തുക കഴിച്ച് ബാക്കി തുക തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുകയാണ് ഉണ്ടായത്.

<u>വീടുകളുടെ നിലവിലുള്ള സ്ഥിതിവിവരം ചുവടെ ചേർക്കുന്നു</u>:

| | | |
|---|---|---|
| റൂഫ് കോൺക്രീറ്റ് | .. | 23 |
| റൂഫ് ലെവൽവരെ | .. | 1 |
| ഷെയ്ഡ് ലെവൽവരെ | .. | 23 |
| സ്വന്തം ചെലവിൽ വീടുനിർമ്മാണം നടത്തിയവ (ബെയ്സ്മെന്റ്) | .. | 3 |
| ആകെ | .. | 50 |

2004 മുതൽ ആരംഭിച്ച ഭവനനിർമ്മാണ പദ്ധതികൾ എല്ലാംതന്നെ ദിശാബോധമില്ലാതെ എങ്ങുമെത്താത്ത സ്ഥിതിയിലാണെന്ന് സമിതി വിലയിരുത്തുന്നു. മോഡൽ കോളനിയായി പ്രഖ്യാപിച്ചെങ്കിലും 25 കുടുംബങ്ങൾക്കുള്ള ഭവനപദ്ധതി മാത്രമേ അതിൽ ഉൾപ്പെടുത്തിയിട്ടുള്ളു. റോഡ് ഗതാഗതത്തിനുള്ള സൗകര്യം ഏർപ്പെടുത്താത്തതിനാലും ജലലഭ്യത ഇല്ലാത്തതിനാലും വീടുപണികൾ ഒന്നുംതന്നെ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഭവനനിർമ്മാണത്തിന് അനുവദിച്ച തുക കൊണ്ട് റോഡ് നിർമ്മാണം നടത്തേണ്ടിവരുന്നതായും സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം വീടു നിർമ്മാണത്തിനായി അനുവദിച്ച തുക ഒരു ഘട്ടത്തിലും പണി പൂർത്തിയാക്കുന്നതിന് പര്യാപ്തമല്ലായിരുന്നു. സംസ്ഥാന നിർമ്മിതികേന്ദ്രം പോലുള്ള സ്ഥാപനങ്ങൾ പണി ഏറ്റെടുത്തെങ്കിലും മേൽപ്പറഞ്ഞ കാരണങ്ങളാൽ അവർ പണി മുഴുവിപ്പിച്ചിട്ടില്ല. ഇപ്പോൾ ഉടമ്പടി റദ്ദ് ചെയ്ത് നഷ്ടം ഈടാക്കുന്നതിനുള്ള ശ്രമത്തിലാണ് അധികാരികൾ. ആദിവാസികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിൽ സർക്കാർ കാണിച്ച ഈ അലംഭാവം ഒരിക്കലും പൊറുക്കാവുന്നതല്ല എന്ന് സമിതി വിലയിരുത്തുന്നു.

നിർമ്മിതികേന്ദ്രം അധികൃതർ വീടുകളുടെ സൈറ്റുകൾ സന്ദർശിക്കാതെയും വ്യക്തമായ പ്ലാൻ തയ്യാറാക്കാതെയും ആദിവാസികളുമായി ചർച്ച നടത്താതെയുമാണ് 76 വീടുകളുടെ പദ്ധതി ഏറ്റെടുത്തത്. പദ്ധതി തുകയുടെ പകുതി കൈപ്പറ്റിയശേഷം സൈറ്റുകളിലേക്കുള്ള വാഹനസൗകര്യം, സ്ഥലപരിമിതി എന്നിവ ചൂണ്ടിക്കാട്ടി 50 വീടുകളാക്കി ചുരുക്കിയത് ഗുരുതരമായ അലംഭാവവും തികഞ്ഞ വീഴ്ചയുമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതിയിലെ ബുദ്ധിമുട്ടുകൾ നിർമ്മിതികേന്ദ്രം യഥാസമയം സംസ്ഥാന നിർമ്മിതികേന്ദ്രത്തെ അറിയിച്ചിട്ടില്ലാത്തതിനാൽ ആയതിനുള്ള വിശദീകരണം സമിതിക്ക് ലഭ്യമാക്കേണ്ടതാണ്. പദ്ധതി സംബന്ധിച്ച് ആരാഞ്ഞപ്പോഴൊക്കെ ധിക്കാരപരമായ പെരുമാറ്റമാണ് നിർമ്മിതികേന്ദ്രത്തിന്റെ ഭാഗത്തു

നിന്നുണ്ടായതെന്ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസറും നിർമ്മിതികേന്ദ്രം ഏറ്റെടുത്ത വർക്ക് അവർ സബ്കോൺട്രാക്ട് നൽകുകയും പണി പൂർത്തീകരിക്കുന്നതിനുമുൻപ് തുക മുഴുവൻ കൊടുത്ത് തീർത്തതും വീടുകളുടെ നിർമ്മാണം പൂർത്തിയാകാത്ത അവസ്ഥയിലെത്തിച്ചേർന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിർമ്മിതി കേന്ദ്രത്തിനാണെന്ന് പിറവന്തൂർ ഗ്രാമപഞ്ചായത്തധികൃതരും സമിതിയെ ധരിപ്പിക്കുകയുണ്ടായി.

വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപുതന്നെ റോഡുനിർമ്മിക്കുകയും അതോടൊപ്പം വൈദ്യുതിയും വെള്ളവും പ്രദാനം ചെയ്തിരുന്നുവെങ്കിൽ വീട് നിർമ്മാണം ഒരു പരിധിവരെ സുഗമമായി നടത്താൻ കഴിയുമായിരുന്നുവെന്ന് സമിതി കരുതുന്നു. സ്ഥലപരിശോധനയും വാഹനസൗകര്യവും പരിശോധിക്കാതെ നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വച്ചത് പട്ടികവർഗ്ഗ വികസന വകുപ്പിനും ജില്ലാ ഭരണകൂടത്തിനും സംഭവിച്ച വീഴ്ചയായി സമിതി വിലയിരുത്തുന്നു.

നിർമ്മിതികേന്ദ്രം ഏറ്റെടുത്ത വർക്ക് സബ്കോൺട്രാക്ട് കൊടുക്കുന്നതിന് സംസ്ഥാന നിർമ്മിതികേന്ദ്രത്തോടും ജില്ലാ ഭരണകൂടത്തോടും അനുവാദം ചോദിച്ചിരുന്നില്ല. സ്ഥലപരിശോധനയും വാഹനസൗകര്യങ്ങളെയും കുറിച്ച് ബോധ്യമാകാതെ വീടുകളുടെ നിർമ്മാണമേറ്റെടുക്കുകയും പ്രസ്തുത വീടുകളുടെ നിർമ്മാണം അധികൃതരുടെ അനുവാദമില്ലാതെ സബ്കോൺട്രാക്ട് നൽകുകയും ചെയ്ത നടപടി ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ഇത്തരത്തിൽ സബ് കോൺട്രാക്ട് നൽകിയതിനു ശേഷം നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും നിർമ്മിതികേന്ദ്രം പരിശോധന നടത്തിയിട്ടില്ലായെന്നത് സബ്കോൺട്രാക്ടറുമായുള്ള അവിശുദ്ധബന്ധത്തെ സൂചിപ്പിക്കുന്നതാണ്. അതിനുശേഷമുള്ള വീട് നിർമ്മാണത്തിലും യഥാസമയം മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവരിൽനിന്നുണ്ടായിട്ടില്ല. സബ്കോൺട്രാക്ട് നൽകിയതിലൂടെ ഉണ്ടായ നഷ്ടത്തിന്റെ ഉത്തരവാദിത്വം പട്ടികവർഗ്ഗ വികസന വകുപ്പിനും ജില്ലാ ഭരണകൂടത്തിനുമാണെന്ന് സമിതി കരുതുന്നു.

നിർമ്മാണത്തിലിരിക്കുന്നതും ഭാഗികമായി പണി പൂർത്തീകരിച്ചതുമായ വീടുകളുടെ സ്ഥിതി വളരെ മോശമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. വീടുകളുടെ ഫൗണ്ടേഷൻ പിറ്റ് ഉപരിതലത്തിൽ നിന്നും ½ അടി മാത്രമേ താണിട്ടുള്ളുവെന്നും അടിസ്ഥാന നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ള മണൽ-സിമന്റ് മിശ്രിതം പൊടിഞ്ഞ് ഇളകുന്നതാണെന്നും, ആവശ്യത്തിന് സിമന്റോ നിലവാരമുള്ള മണലോ ഉപയോഗിച്ചിട്ടില്ലായെന്നും സമിതി കണ്ടെത്തുകയുണ്ടായി. ഇതുനിമിത്തം അടിസ്ഥാനം, ഭിത്തി എന്നിവയിൽ വിള്ളൽ വീണതായും ഉപയോഗിച്ചുള്ള വാതിൽകട്ടിള, ജനൽകട്ടിള, പാളികൾ എന്നിവ നിലവാരം കുറഞ്ഞ തടികൊണ്ടുള്ളതാണെന്നും പലതും വളഞ്ഞു പൊട്ടിപോയിട്ടുണ്ടെന്നും സമിതി നേരിൽ കണ്ട് ബോദ്ധ്യപ്പെടുകയുണ്ടായി. അടിത്തറ, ഭിത്തി എന്നിവയിൽ കണ്ടെത്തിയതിന് സമാനമായ വിള്ളലുകൾ കോൺക്രീറ്റ് മേൽക്കൂരയിലും കണ്ടെത്താനായി നിർമ്മാണത്തിലെ വ്യാപകമായ ക്രമക്കേടുകളാണ് ഇത്തരമൊരു അവസ്ഥയ്ക്കിടയാക്കിയത്.

മേൽ സാഹചര്യത്തിൽ കുരിയോട്ടുമലയിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ചു നൽകിയതിലെ ക്രമക്കേടുകളിന്മേൽ വിജിലൻസ് അന്വേഷണം നടത്തണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് 3 മാസത്തിനുള്ളിൽ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

സൈറ്റുകൾ ഐഡന്റിഫൈ ചെയ്യാതെ 76 വീടുകൾ നിർമ്മിക്കുന്നതിന് എഗ്രിമെന്റുവച്ച നിർമ്മിതികേന്ദ്രം പദ്ധതി തുകയുടെ 50 ശതമാനം കൈപ്പറ്റുകയും വീടുകളുടെ പണി പൂർത്തീകരിക്കാനാകാതെ വന്നപ്പോൾ മൂന്ന് വീടുകളുടെ നിർമ്മാണം നേരിട്ട് ഗുണഭോക്താക്കളെ ഏൽപ്പിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. അവയുടെയും പണി പൂർത്തിയാക്കിയിട്ടില്ല. ഇപ്രകാരം നിർമ്മാണം പല ഘട്ടങ്ങളിലായി നിലനിൽക്കുന്ന അവസ്ഥാവിശേഷമാണുള്ളത്. ഇതിന്റെ ഉത്തരവാദിത്വമേറ്റെടുത്ത് ആറ് മാസത്തിനുള്ളിൽ വർക്ക് പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനോടും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പും ജില്ലാ ഭരണകൂടവും സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ആദിവാസികൾക്കായി ഭവനനിർമ്മാണ പദ്ധതികൾ തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ഇതിന്റെ നിർമ്മാണം ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ എന്ത് തുകയാണോ എസ്റ്റിമേറ്റായി നിശ്ചയിക്കുന്നത് പ്രസ്തുത നിരക്കിലുള്ള തുക അനുവദിച്ചു നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം ഗതാഗത സൗകര്യം, ജലലഭ്യത എന്നിവകൂടി കണക്കിലെടുത്ത് അവ ഏർപ്പെടുത്തിയ ശേഷം മാത്രമേ ഭവനനിർമ്മാണത്തിലേക്ക് തിരിയാവൂ എന്നും സമിതി നിർദ്ദേശിക്കുന്നു. നിലവിൽ അനുവദിച്ച എല്ലാ വീടുകളുടേയും എസ്റ്റിമേറ്റ് ഈ രീതിയിൽ പുനഃക്രമീകരിച്ച് ഗതാഗത സൗകര്യവും ജലലഭ്യതയും ഉറപ്പുവരുത്തി ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കി വിവരം സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

**വൈദ്യുതിവിതരണം**

കുരിയോട്ടുമല കോളനി വൈദ്യുതീകരിക്കുന്നതിനായി 9,86,625 രൂപ കെ.എസ്.ഇ.ബി.ക്ക് അനുവദിക്കുകയും അതിന്റെ വെളിച്ചത്തിൽ കെ.എസ്.ഇ.ബി. വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നെങ്കിലും പ്രസ്തുത തുകയ്ക്ക് കോളനി വൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് 45 പോസ്റ്റുകൾ കൂടി സ്ഥാപിച്ച് കോളനി വൈദ്യുതീകരണം പൂർത്തിയാക്കുന്നതിലേക്ക് 72,817 രൂപാ കൂടി സംസ്ഥാന ട്രൈബൽ മിഷൻ അനുവദിച്ചിരുന്നെങ്കിലും 10% വർദ്ധനവുകൂടി ആവശ്യമാണെന്നും പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

2006-07 വർഷമാണ് വൈദ്യുതീകരണ ജോലികൾക്ക് ഫണ്ട് അനുവദിച്ചത്. കുരിയോട്ടുമല കോളനി വൈദ്യുതീകരണ ജോലികൾ ഇതുവരെയും പൂർത്തിയായിട്ടില്ല. ഇതിനുവേണ്ട 9,86,625 രൂപയാണ് വൈദ്യുതി ബോർഡിന് അനുവദിച്ചിട്ടുള്ളത്. ഇനിയും 45 പോസ്റ്റുകൾ കൂടി സ്ഥാപിച്ച് ലൈൻ നീട്ടേണ്ടതായുണ്ട്. ഇതിനകം അനുവദിച്ചുനൽകിയ തുക പര്യാപ്തമല്ലാത്തതിനാൽ ഇനിയും ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കുന്നതാണെന്ന് ജില്ലാ ട്രൈബൽ മിഷൻ യോഗത്തിൽ കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

കോളനിയിലെ വൈദ്യുതിലൈൻ വർക്ക് പൂർണ്ണമാക്കുന്നതിന് നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം ആവശ്യപ്പെട്ട തുക മതിയാകുമെന്ന് സമിതി മുമ്പാകെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. കൊട്ടാരക്കര അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത 72,817 രൂപയുടെ ചെക്ക് കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കൊട്ടാരക്കരയ്ക്ക് റ്റി.ഡി.ഒ. നൽകിയിട്ടുണ്ട്.

കോളനിയിലെ വൈദ്യുതീകരണവും മറ്റു കാര്യങ്ങളെപ്പോലെത്തന്നെ എങ്ങുമെത്താത്ത അവസ്ഥയിലാണെന്ന് സമിതി കണ്ടെത്തുകയുണ്ടായി.

വീടുകളുടെ പണി ഒരു നിശ്ചിതഘട്ടത്തിലെത്തിയാൽ മാത്രമേ വീടുകളിലുള്ള വൈദ്യുതപണികൾ നടത്താനാകൂ എന്നിരുന്നാലും പ്ലോട്ടുകളിൽ വൈദ്യുതി എത്തിക്കുന്നതിൽ ഇനിയും തടസ്സങ്ങൾ ബാക്കി നിൽക്കുകയാണ്. 45 പോസ്റ്റുകൾ കൂടി വേണമെന്നാണ് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട്. ഈ രീതിയിൽ പ്ലോട്ടുകളിൽ വൈദ്യുതി എത്തിച്ചാൽ താൽക്കാലിക വീടുകളിൽ താമസിക്കുന്നവർക്കെങ്കിലും വെളിച്ചം എത്തിക്കുവാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. വെള്ളവും വെളിച്ചവും സമയബന്ധിതമായി എത്തിക്കാമെന്ന് നിയമസഭയിൽ മറുപടി നൽകിയിരുന്നതുമാണ്.

മേൽ സാഹചര്യത്തിൽ വൈദ്യുതി ഓരോ പ്ലോട്ടുകളിലും എത്തിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കണമെന്നും വീടുകളുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് കണക്ഷൻ നൽകണമെന്നും അതുവരെ താല്ക്കാലിക വീടുകൾക്ക് കണക്ഷൻ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ജീവനോപാധികൾ**

പുനരധിവസിപ്പിക്കപ്പെട്ടതും, പ്രസ്തുത ഭൂമിയിൽ താമസിച്ചുവരുന്നതുമായ മുഴുവൻ കുടുംബങ്ങൾക്കും എല്ലാ വർഷവും മൺസൂണിലും ഓണക്കാലത്തും ഭക്ഷ്യസഹായം നല്കുകയും റബ്ബർ, തെങ്ങ് മുതലായ പ്രധാന കൃഷികൾ വാഴ, പച്ചക്കറി, മരച്ചീനി തുടങ്ങിയ കൃഷികൾ എന്നിവ നടപ്പാക്കുകയും വീട്, കുടിവെള്ളം, വൈദ്യുതി, മണ്ണുസംരക്ഷണം മുതലായ വിവിധ അടിസ്ഥാന സൗകര്യ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വികസന പദ്ധതികളുടെ ഭാഗമായി 8 കുടുംബങ്ങൾക്ക് 50 റബ്ബർ തൈകൾ വീതവും 54 കുടുംബങ്ങൾക്ക് 100 റബ്ബർ തൈകൾ വീതവും ടി 62 കുടുംബങ്ങൾക്ക് 10 തെങ്ങിൻ തൈകൾ വീതവും വിതരണം ചെയ്തിരുന്നു. ഇതിനായി 4,71,442 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് റിവ്യൂ നടത്തുകയും റബ്ബർ, തെങ്ങ് തൈകൾ ഗുണഭോക്താക്കൾ യഥാവിധി സംരക്ഷിക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത കൃഷിക്ക് ആവശ്യമായ വളം നല്കുന്നതിനുള്ള ശുപാർശ തയ്യാറാക്കി നല്കാൻ പിറവന്തൂർ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. 62 കുടുംബങ്ങൾക്ക് വിതരണം ചെയ്ത ആടുകളെ ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈവിധമുള്ള റിപ്പോർട്ടുകളാണ് ഉദ്യോഗസ്ഥരിൽ നിന്ന് സമിതിക്ക് ലഭിച്ചത്.

സർക്കാർ സമിതിക്കുലഭ്യമാക്കിയ റിപ്പോർട്ടിൽ 15 കുടുംബങ്ങൾ ഭൂമി ഉപേക്ഷിച്ച് പോയതിന്റെ കാരണങ്ങളിൽ ഒരെണ്ണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് തൊഴിൽ ദൗർലഭ്യമാണ്. വിതരണം ചെയ്ത ആട്ടിൻകുട്ടികൾ രോഗം വന്നു നശിച്ചതായും റബ്ബർ തൈകൾ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ലായെന്നും ചത്തുപോയ ആട്ടിൻകുട്ടികളുടെ പേരിൽ നഷ്ടപരിഹാരം ഇതുവരെയും നൽകിയിട്ടില്ലെന്നും നശിച്ചുപോയ റബ്ബർ തൈകൾക്കുപകരം തൈകൾ നൽകിയിട്ടില്ലെന്നും കൃഷിക്ക് ആവശ്യമായ വെള്ളം കിട്ടുന്നില്ലായെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കാർഷിക വിളകൾക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷണം ഏർപ്പെടുത്തുന്നതിലും വീഴ്ച

പറ്റിയിട്ടുണ്ട്. തൊഴിൽപരമായ യാതൊരു പരിശീലന പരിപാടികളിലോ അതനുസരി ച്ചുള്ള തൊഴിലുകളിൽ ഏർപ്പെടുത്തുന്നതിനുള്ള സൗകര്യമോ നൽകിയിട്ടില്ല എന്നും സമിതി മനസ്സിലാക്കുകയുണ്ടായി. കുടുംബങ്ങളിലെ സ്ത്രീകൾക്ക് വിവിധ കൈത്തൊഴിലു കളിൽ പരിശീലനം നൽകാമായിരുന്നുവെന്നും അതനുസരിച്ച് അവർക്ക് വീടുനോക്കുന്ന തോടൊപ്പം വരുമാനമുണ്ടാക്കാവുന്ന ചെറുതൊഴിലുകളിൽ ഏർപ്പെടാനാകുമെന്നും സമിതി നിർദ്ദേശിച്ചു. ഈ രീതിയിലുള്ള ഇടപെടലുകൾ ഒന്നുംതന്നെ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നും സമിതി കണ്ടെത്തുകയുണ്ടായി. ഇങ്ങനെ ഇക്കാര്യ ങ്ങളിലൊന്നും ഒരു മുൻകൂട്ടിയുള്ള പ്ലാനിംഗും തുടർനടപടികളും വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ലെന്നും സമിതി കുറ്റപ്പെടുത്തുന്നു.

മേൽ സാഹചര്യത്തിൽ, കോളനിയിൽ ഇപ്പോൾ താമസിക്കുന്നവർക്ക് വേണ്ടി യെങ്കിലും സമഗ്രമായ പ്ലാനിംഗ് നടത്തി ജീവനോപാധികൾ കണ്ടെത്തണമെന്നും അതിൽ തുടർനടപടികൾ ഉണ്ടാകണമെന്നും കൃഷി, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം, തൊഴിൽ പരിശീലനം, തൊഴിൽ സാദ്ധ്യതകൾ എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള ചിട്ടയായ പ്രവർത്തനം കോളനിനിവാസികളെ അവിടെ നിലനിറുത്തുന്നതിനും വിട്ടുനിൽക്കുന്നവരെ കോളനിയി ലെത്താൻ പ്രേരണ നൽകുമെന്നും സമിതി പ്രത്യാശിക്കുന്നു.

**പുനരധിവാസച്ചുമതല**

കുരിയോട്ടുമലയിൽ പുനരധിവാസച്ചുമതല നൽകിക്കൊണ്ട് ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടില്ല. പുനരധിവാസത്തിന്റെ ചുമതല ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന്റെ നിയന്ത്രണത്തിലാണ്. ജില്ലാ ട്രൈബൽ മിഷന്റെ ചെയർമാൻ ജില്ലാ കളക്ടറും കൺവീനർ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറു മാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസറെന്ന നിലയിൽ പുനലൂർ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറാണ് പുനരധിവാസ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. ജില്ലാ ട്രൈബൽ മിഷന്റെ പുനരധിവാസ പ്രവർത്തനങ്ങൾ 3 മാസത്തി ലൊരിക്കൽ അവലോകനം ചെയ്യാറുണ്ട്, തുടങ്ങിയ റിപ്പോർട്ടുകളാണ് വകുപ്പിന്റെ ഭാഗത്തുനിന്ന് ലഭിച്ചത്.

ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത് വകുപ്പിന്റെ ആത്മാർത്ഥതയില്ലായ്മയും നിയമസഭ യിൽ വകുപ്പുമന്ത്രി നൽകിയ ഉറപ്പിന്റെ ലംഘനവുമാണ്. ജില്ലാ കളക്ടർ 150-ഓളം കമ്മിറ്റികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥനാണ്. വർഷത്തിലൊരിക്കൽപ്പോലും ഈ കമ്മിറ്റികൾ യോഗം ചേരുന്നതിനുള്ള അവസരം കിട്ടിയെന്നു വരികില്ല. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് മറ്റ് ചുമതലകളുടെ കൂടെയാണ് ഈ പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള നേതൃത്വവും നൽകിയിരിക്കുന്നത്. ഒരു പ്രത്യേക ഉദ്യോഗസ്ഥനെ പ്രസ്തുത ചുമതല കൊടുത്തുകൊണ്ട് നിയമിക്കാത്തതുവഴി സർക്കാർ 2003-ൽ വിഭാവനം ചെയ്ത പദ്ധതി വികലമായി നടപ്പാക്കേണ്ടിവന്നതായി സമിതി കണ്ടെത്തുക യുണ്ടായി. സർക്കാരിന്റെ എല്ലാ പദ്ധതികളിലും സംഭവിക്കുന്ന ന്യൂനതയാണിതെന്നും അതുവഴി വിലപ്പെട്ട കുറെ ജീവിതങ്ങളാണ് വഴിയാധാരമായതെന്നും സമിതി വിലയിരുത്തുന്നു.

അതിനാൽ പുനരധിവാസം തുടങ്ങിയ എല്ലാ പദ്ധതികളിലും പദ്ധതി നടത്തിപ്പിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ പ്രത്യേകമായി നിയമിക്കണമെന്നും അദ്ദേഹത്തിന്റെ ചുമതലകൾ വ്യക്തമായി നിർവ്വചിച്ചു നൽകണമെന്നും ആവശ്യത്തിന് സഹായികളെ നിയമിക്കണമെന്നും പദ്ധതിയിൽ ഇവരുടെ ചുമതലകൾ നിർവ്വഹിച്ചതായി ഉറപ്പുവരുത്തുന്നതിനുള്ള വ്യക്തമായ പ്രൊവിഷനുകൾ ഉണ്ടായിരിക്കണമെന്നും ഇതിനായി കൃത്യമായ അവലോകന പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി ശക്തിയായി ശുപാർശ ചെയ്യുന്നു. കുരിയോട്ടുമലയിലെ കാര്യത്തിൽ ഇനിയെങ്കിലും ഇത്തരത്തിലുള്ള ഒരു ക്രമീകരണം ഉണ്ടാകണമെന്നും സമിതി ആവശ്യപ്പെടുന്നു.

**മാതൃകാ ആദിവാസി കോളനി പദ്ധതി**

കുരിയോട്ടുമലയെ മാതൃകാ ആദിവാസി കോളനി പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയംപര്യാപ്തമായ കോളനിയാണ് മോഡൽ കോളനി കൊണ്ട് ഉദ്ദേശിക്കുന്നത്. മോഡൽ കോളനി പദ്ധതി പ്രകാരം പ്രാരംഭഘട്ടത്തിൽ ഭവനനിർമ്മാണത്തിനായി വീട് ഒന്നിന് 5.32 ലക്ഷം രൂപ പ്രകാരം 25 വീടുകൾ നിർമ്മിക്കുന്നതിന് 1.33 കോടി രൂപ ഇതിനകം അനുവദിച്ചു. ഈ തുക ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടി മാത്രമുള്ളതാണ്. മോഡൽ കോളനി പദ്ധതി പ്രകാരം കുരിയോട്ടുമലയിൽ 25 വീടുകൾ നിർമ്മിക്കുന്നതിന് കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിനെ തുടർന്ന് ഭവന നിർമ്മാണത്തിന് യോഗ്യമായ തരത്തിൽ ഭൂമി ഒരുക്കുന്ന ജോലികൾ നടന്നു വരികയാണ്. വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. മേല്പറഞ്ഞ പ്രകാരം നിർമ്മിക്കുന്ന വീടുകൾ നിർമ്മിതികേന്ദ്രം ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് വേണ്ടിയുള്ളതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്രവികസനം സാദ്ധ്യമാകുക എന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാനത്ത് മോഡൽ കോളനികൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അതനുസരിച്ച് കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരപ്പുഴ, വാകേരി, കുഞ്ഞോം എന്നീ സ്ഥലങ്ങളിൽ 25 വീടുകൾ വീതം വീടൊന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന കുറ്റമറ്റരീതിയിൽ നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടും 125 വീടുകൾ നിർമ്മിക്കുന്നതിന് 6.65 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. മോഡൽ കോളനി സ്ഥാപിക്കുന്നതിന് കൊല്ലം ജില്ലയിലെ കുരിയോട്ടുമലയിൽ പട്ടികവർഗ്ഗക്കാർക്കായി 5 ഏക്കറിൽ കുറയാതെ ലഭ്യമായ ഭൂമിയിൽ 25 വീടുകൾ വീതം നിർമ്മിക്കുന്നതിന് വീടൊന്നിന് 5.32 ലക്ഷം രൂപാ നിരക്കിൽ അനുവദിക്കുന്നതിനും നിർമ്മാണം കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കുരിയോട്ടുമലയിൽ വർഷംമുഴുവൻ ജലം ലഭിക്കുന്ന സ്ഥലങ്ങൾ സമിതിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ഭാഗങ്ങളിലേക്കും കുറഞ്ഞചെലവിൽ ഗതാഗത സൗകര്യം ഏർപ്പെടുത്താനും വൈദ്യുതി എത്തിക്കാനും സാധിക്കുന്നതാണ്. പ്രസ്തുത

സ്ഥലങ്ങൾ തെരഞ്ഞെടുത്ത് 10 മുതൽ 15 വരെ സെന്റ് വിസ്തൃതിയുള്ള പ്ലോട്ടുകളാക്കി തിരിച്ച് ഓരോ പ്ലോട്ടുകളിലേക്കും ഗതാഗതമാർഗ്ഗങ്ങൾ ഒരുക്കി വെള്ളവും വൈദ്യുതിയും എത്തിച്ച് കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിച്ചു നൽകുവാനും കഴിയുമായിരുന്നു. ബാക്കിയുള്ള സ്ഥലങ്ങൾ അവയുടെ ജലലഭ്യത അനുസരിച്ച് അനുയോജ്യമായ വിളകൾക്കുള്ള കൃഷിഭൂമി എന്ന നിലയിൽ ഓരോ കുടുംബത്തിനും നൽകുവാനും സാധിക്കുമായിരുന്നു. ഇത്തരത്തിൽ കോളനി പോലെ ഒരുമിച്ച് കഴിയുന്ന കുടുംബങ്ങൾക്ക് വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം ഏർപ്പെടുത്തുവാനും സാധിക്കുമായിരുന്നു. ഇക്കാര്യങ്ങൾ ഒന്നും പരിഗണിക്കാതെ യാഥാർത്ഥ്യബോധമല്ലാത്ത പദ്ധതി തയ്യാറാക്കിയതാണ് 2003-ൽ വിഭാവനം ചെയ്ത കാര്യം ഇതുവരെയും ഫലപ്രാപ്തിയിൽ എത്തിക്കുവാൻ സാധിക്കാതെ വന്നതെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിപ്രദേശം സന്ദർശിക്കാതെ, ഓഫീസിൽ മാത്രമിരുന്ന് ഇതുമായി ബന്ധപ്പെട്ടവരോടും ജനപ്രതിനിധികളോടും അനുഭവ സമ്പത്തുള്ളവരോടും ആലോചിക്കാതെ തയ്യാറാക്കുന്ന എല്ലാ പദ്ധതികൾക്കും ഈയൊരു ഗതി ഉണ്ടാകുമെന്നകാര്യം വകുപ്പിനെ ഓർമ്മപ്പെടുത്തുന്നു.

ഭാവിയിൽ പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ളതും അവ കുറഞ്ഞ ചെലവിലും വേഗത്തിലും ഏർപ്പെടുത്തുവാൻ കഴിയുന്ന പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകി പുനരധിവസിപ്പിക്കേണ്ടവരുടേയും അടിസ്ഥാന സൗകര്യമുള്ള പ്രദേശത്തിന്റെയും വിസ്തൃതിക്ക് അനുസൃതമായി ഭൂമി നൽകി ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കണമെന്നും അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളതും അവ ഏർപ്പെടുത്തുവാൻ പ്രയാസമുള്ളതുമായ സ്ഥലങ്ങൾ അവ ഓരോന്നിന്റേയും പ്രത്യേകതകൾ അനുസരിച്ച് അനുയോജ്യമായ കൃഷിക്കോ മറ്റ് സംരംഭങ്ങൾക്കോ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സമിതിയുടെ കണ്ടെത്തലുകൾക്കും ശുപാർശകൾക്കും വേണ്ടത്ര പരിഗണന നൽകി കുരിയോട്ടുമലയിലെ ആദിവാസി കുടുംബങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് എത്രയുംവേഗം പരിഹാരം കാണുമെന്നും ഭാവിയിലെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഇതൊരു മാതൃകയായി പരിഗണിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

അനുബന്ധം I

## (1) പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| | | |
|---|---|---|
| ഉറപ്പ് നമ്പർ | .. | 149 |
| ചോദ്യം നമ്പർ | .. | S. 271 (ഉപചോദ്യം) |
| ദിവസം | .. | 5-7-2007 |
| വകുപ്പ് | .. | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് |
| വിഷയം | .. | ഭൂരഹിതരായ ആദിവാസികൾ |

| ചോദ്യം | ഉത്തരം |
|---|---|
| കൊല്ലം ജില്ലയിൽപ്പെട്ട കുരിയോട്ടു മലയിൽ 100 ഏക്കർ ഭൂമി ആദിവാസി കുടുംബങ്ങൾക്ക് വിതരണം നടത്തിയതിൽ വെള്ളവും വെളിച്ചവും ഇല്ല എന്ന കാരണത്താൽ മുപ്പതിൽപ്പരം കുടുംബങ്ങൾ ഒഴികെ ബാക്കിയുള്ളവർ സ്ഥലം വിട്ടു. ഇവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |

സ്വീകരിച്ച നടപടി (ഫയൽ നമ്പർ 19773/ഡി2/2008/പജ.പവ.വിവ.)

കുരിയോട്ടുമലയിൽ വിതരണം നടത്തിയിട്ടുള്ള ഭൂമിയിൽ വെള്ളം, വെളിച്ചം, വാസയോഗ്യമായ വീട്, സുസ്ഥിരവികസനത്തിന് ഉതകുന്ന മറ്റ് വികസന പരിപാടികൾ എന്നിവ നടപ്പാക്കിവരുന്നു. നാളിതുവരെ നടപ്പിലാക്കിയ വികസന പരിപാടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

ഭവനനിർമ്മാണം:—76 വീടുകളുടെ നിർമ്മാണ ചുമതല സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുണ്ട്. അതിൽ 50 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ബാക്കിയുള്ള വീടുകൾ ഗുണഭോക്താക്കൾ മുഖേന ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുടിവെള്ളം:—ARWSA പ്രകാരം കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചു വരുന്നു. കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 2,80,000 രൂപ ചെലവിൽ 7 പുതിയ കിണറുകൾ നിർമ്മിക്കുന്നതിനും 1,75,000 രൂപ ചെലവിൽ 10 കിണറുകൾ പുനരുദ്ധീകരിക്കുന്നതിനും ഫണ്ട് അനുവദിക്കുകയും ഗുണഭോക്താക്കൾ മുഖേന ടി പണികൾ പുരോഗമിച്ചുവരികയുമാണ്.

വൈദ്യുതീകരണം:—സംസ്ഥാന വൈദ്യുതി ബോർഡ് മുഖേന പൂർത്തീകരിച്ചു വരുന്നു. ഇതിലേക്കായി 3 ഘട്ടങ്ങളിലായി 10,52,442 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്

മണ്ണ് സംരക്ഷണ പദ്ധതികൾ:—2 ഘട്ടങ്ങളിലായി 10,98,320 രൂപ അനുവദിച്ചിട്ടുണ്ട്. സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന പദ്ധതി പൂർത്തീകരിച്ചുവരുന്നു.

കാർഷിക വികസന പദ്ധതി:—തെങ്ങ്, റബർ എന്നിവ കൃഷി ചെയ്യുന്നതിനായി 62 കുടുംബങ്ങൾക്ക് 6,38,950 രൂപ അനുവദിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണം:—1,64,610 രൂപ ചെലവിൽ 62 കുടുംബങ്ങൾക്ക് 2 ആടുകളെ വീതം വിതരണം നടത്തുകയുണ്ടായി.

കോളനിയിൽ താമസത്തിന് എത്താത്ത കുടുംബങ്ങളുടെ പട്ടയം റദ്ദാക്കുന്നതിനും അർഹരായ കുടുംബങ്ങൾക്ക് ടി ഭൂമി വിതരണം നടത്തുന്നതിനും ജില്ലാ ആദിവാസി പുനരധിവാസ മിഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (2) പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

| | | |
|---|---|---|
| ഉറപ്പ് നമ്പർ | .. | 106 |
| ചോദ്യം നമ്പർ | .. | എസ്. 271 (ഉപചോദ്യം) |
| ദിവസം | .. | 17-9-2007 |
| വകുപ്പ് | .. | പട്ടികസമുദായക്ഷേമം |
| വിഷയം | .. | പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ പരിപാടികൾ |

| *ചോദ്യം* | *ഉത്തരം* |
|---|---|
| പത്തനാപുരത്തെ കുരിയോട്ടുമല എന്ന ഗ്രാമപ്രദേശത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 100 ഏക്കറിൽ അധികം ഭൂമി നൂറോളം കുടുംബങ്ങൾക്ക് പതിച്ച് നൽകുകയുണ്ടായി. ആ ഭൂമിയിൽ വീട് വച്ച് കൊടുക്കാനും വൈദ്യുതി എത്തിക്കാനുമുള്ള പണം അടച്ചിരുന്നു. അവിടെ വൈദ്യുതി എത്തിച്ചെങ്കിലും വീട് നിർമ്മിച്ചു നൽകാൻ കഴിഞ്ഞിട്ടില്ല. ഇവർക്ക് വീട് വച്ച് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | ബഹുമാനപ്പെട്ട മെമ്പറുടെ കാലത്തിനുള്ളിൽ തന്നെ ഈ വീടിന്റെ പ്രശ്നം പരിഹരിച്ചിരിക്കും. |

<u>സ്വീകരിച്ച നടപടി (ഫയൽ നമ്പർ 24174/ഇ1/10/പജ.പവ.വിവ.)</u>

കൊല്ലം ജില്ലയിലെ ഭൂരഹിതരായ 114 പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് പത്തനാപുരം താലൂക്കിലെ പിറവന്തൂർ വില്ലേജിൽപ്പെട്ട കുരിയോട്ടു മലയിൽ 100 ഏക്കർ ഭൂമി അനുവദിച്ചത്. ഈ 114 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് 75,000 രൂപ നിരക്കിൽ ഫണ്ട് സംസ്ഥാന ട്രൈബൽ മിഷൻ ചീഫ്, കൊല്ലം ജില്ലാ ട്രൈബൽ മിഷന് അനുവദിച്ചുനൽകുകയും ടി വീടുകൾ നിർമ്മിച്ചു നൽകുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ജില്ലാ ട്രൈബൽ മിഷൻ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഭവന നിർമ്മാണ പദ്ധതിയുടെ നടത്തിപ്പിനായി നിർമ്മിതി കേന്ദ്രവുമായി ഉടമ്പടിയുണ്ടാക്കിയ വേളയിൽ (2008 ജനുവരി മാസം) 76 കുടുംബങ്ങൾ മാത്രമേ കുരിയോട്ടുമലയിൽ താമസമുണ്ടായിരുന്നുള്ളൂ.

പുനരധിവാസ ഭൂമിയിൽ താമസത്തിന് എത്താൻ തയ്യാറാകാത്ത 28 കുടുംബങ്ങളുടെ പട്ടയം റദ്ദ് ചെയ്തിരുന്നു. ശേഷിക്കുന്ന 86 കുടുംബങ്ങളിൽ 47 വീടുകളുടെ പണി നിർമ്മിതി കേന്ദ്രം മുഖേനയും 3 ഗുണഭോക്താക്കൾക്ക് സ്വന്തം നിലയ്ക്ക് നിർമ്മിതിയുടെ മേൽനോട്ടത്തിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ നേരിട്ട് നിർമ്മിക്കുന്ന 3 വീടുകളുടെ നിർമ്മാണചുമതല നിർമ്മിതി കേന്ദ്രത്തിൽ നിന്ന് തിരിച്ചെടുത്ത് പുനലൂർ പട്ടികവർഗ്ഗ വികസന ആഫീസറെ ഏൽപ്പിക്കുവാനും ബാക്കിയുള്ള മുഴുവൻ വീടുകളുടെയും നിർമ്മാണം പട്ടികവർഗ്ഗ വികസന ആഫീസറുടെ മേൽനോട്ടത്തിൽ ഗുണഭോക്താക്കളെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിനും നിർമ്മിതി കേന്ദ്രം ആരംഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് കർശന നിർദ്ദേശം നൽകുന്നതിനും 25-10-2011-ൽ ചേർന്ന ജില്ലാതല ട്രൈബൽ മിഷൻ യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ട്. വീട് നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഭൂമിഭാഗം പ്ലോട്ടുകളിലെയും ഗുണഭോക്താക്കൾ അവരവരുടെ പ്ലോട്ടുകളിൽ താമസത്തിന് എത്താത്തത് നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

## അനുബന്ധം II

## പത്തനാപുരം തഹസിൽദാരുടെ നടപടിക്രമം

*(ഹാജർ : സി. സജീവ്)*

വിഷയം :—പത്തനാപുരം താലൂക്കിലെ പിറവന്തൂർ വില്ലേജിൽ സർവ്വേ നമ്പർ 688/1/1/-ൽപ്പെട്ട കുരിയോട്ടുമലയിലെ നാളിതുവരെ ഏറ്റെടുക്കാത്ത പ്ലോട്ടുകളുടെ പട്ടയം റദ്ദുചെയ്യുന്നത് സംബന്ധിച്ച്.

സൂചന :—ബഹു. കൊല്ലം ജില്ലാ കളക്ടറുടെ 10-2-2010-ലെ എൽ4.12575/03 നമ്പർ ഫാക്സ് സന്ദേശത്തിലെ നിർദ്ദേശം.

**ഉത്തരവ് നമ്പർ ബി1.10969/98 തീയതി 5-3-2010**

പത്തനാപുരം താലൂക്കിൽ പിറവന്തൂർ വില്ലേജിൽ സർവ്വേ നമ്പർ 688/1/1-ൽപ്പെട്ട കുരിയോട്ടുമലയിലെ 100 ഏക്കർ ഭൂമി പ്ലോട്ടുകൾ തിരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് 19/03 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 113 ആദിവാസി കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. അവയിൽ നാളിതുവരെ ഒഴിഞ്ഞുകിടക്കുന്ന പുനലൂർ ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ റിപ്പോർട്ട് ചെയ്ത 37 പ്ലോട്ടുകളുടെ പട്ടയകക്ഷികൾക്കും, ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ റിപ്പോർട്ടിൽ ഉൾപ്പെടാത്തതും, എന്നാൽ നാളിതുവരെ പട്ടയങ്ങൾ കൈപ്പറ്റാത്തതുമായ 2 പ്ലോട്ടുകളുടെ കക്ഷികളും ഉൾപ്പെടെ 39 കക്ഷികൾക്ക് പ്ലോട്ടുകൾ ഏറ്റുവാങ്ങണമെന്നും അല്ലാത്തപക്ഷം പതിവ് ഉത്തരവ് റദ്ദ് ചെയ്യുന്നതാണെന്ന് കാണിച്ച് നോട്ടീസ് നൽകിയിരുന്നതും ടി നോട്ടീസ് സ്ഥലത്തും വില്ലേജാഫീസിലും പഞ്ചായത്താഫീസിലും പരസ്യം ചെയ്തിരുന്നതാണ്. നോട്ടീസുകൾ കൈപ്പറ്റിയ 11 കക്ഷികൾ അവർക്ക് അനുവദിച്ച് നൽകിയ പ്ലോട്ടുകൾ തുടർന്നും ആവശ്യമാണെന്ന് കാണിച്ച് സ്റ്റേറ്റ്മെന്റുകൾ നൽകിയിട്ടുള്ളതാണ്. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തുന്നതിനുള്ള കേരള സർക്കാരിന്റെ തീരുമാനത്തെ മുൻനിർത്തി നാളിതുവരെ ഒഴിഞ്ഞുകിടക്കുന്ന, ഭാവിയിൽ പ്ലോട്ടുകൾ ആവശ്യമില്ലെന്ന് മൊഴി നൽകിയിട്ടുള്ളതും, പട്ടയം നാളിതുവരെ കൈപ്പറ്റിയിട്ടില്ലാത്തതുമായ 15 കക്ഷികൾക്കും (13.35 ഏക്കർ) നോട്ടീസ് നൽകുകയും പരസ്യം നൽകുകയും ചെയ്തിട്ട് നാളിതുവരെ ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്യാത്ത 13 പേരുടേയും (10.84 ഏക്കർ) ഉൾപ്പെടെ താഴെ പേരുപറയുന്ന 28 പേരുടെ (24.19 ഏക്കർ) പ്ലോട്ടുകളുടെ അനുമതിയും, പതിവ് ഉത്തരവും സൂചനപ്രകാരമുള്ള ബഹു. കൊല്ലം ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഒപ്പ്)

തഹസിൽദാർ.

പകർപ്പ് :

1. ജില്ലാ കളക്ടർ, കൊല്ലം
2. വില്ലേജാഫീസർ, പിറവന്തൂർ
3. സ്റ്റോക്ക് ഫയൽ.

## പട്ടയം റദ്ദ് ചെയ്ത് സർക്കാരിലേക്ക് ഏറ്റെടുക്കുന്ന കുരിയോട്ടുമലയിലെ പ്ലോട്ടുകളുടെ വിവരം

| ക്രമ നമ്പർ | കക്ഷിയുടെ പേരും വിലാസവും | അനുവദിച്ചിട്ടുള്ള പ്ലോട്ട് | വിസ്തീർണ്ണം | വില്ലേജ് | റിമാർക്സ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | അശോകൻ, മണ്ണാണിക്കൽ കിഴക്കതിൽ, കരുനാഗപ്പള്ളി | 46 | 37.23 ആർസ് | പിറവന്തൂർ | |
| 2 | രേണുക, കുന്നേത്ത് തെക്കേതിൽ മരു: സൗത്ത്, ആലുംകടവ് | 25 | 37.23 ആർസ് | പിറവന്തൂർ | |
| 3 | ഗീത, മണ്ണാണിക്കൽ കിഴക്കതിൽ, കരുനാഗപ്പള്ളി | 49 | 32.37 ആർസ് | പിറവന്തൂർ | |
| 4 | സിന്ധു, എൻ. തുിൽ കിഴക്കതിൽ നമ്പരുവികാല. | 6 | 40.47 ആർസ് | പിറവന്തൂർ | |
| 5 | സുരേഷ്, കുമ്പില്ലാക്കാവ് വീട്, കല്ലേലിഭാഗം, കരുനാഗപ്പള്ളി | 20 | 32.37 ആർസ് | പിറവന്തൂർ | |
| 6 | മണികണ്ഠൻ, കുമ്പില്ലാക്കാവ് വീട്, കല്ലേലിഭാഗം, കരുനാഗപ്പള്ളി | 32 | 37.23 ആർസ് | പിറവന്തൂർ | |
| 7 | ജയചന്ദ്രൻ, ഗിരിജൻ കോളനി, പള്ളിവാസൽ | 71 | 37.23 ആർസ് | പിറവന്തൂർ | |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 8 | ത്രേസ്യ,<br>ഓലയിൽ ഫ് പുരയിടം,<br>തേവള്ളി, കൊല്ലം | 1 | 37.23 ആർസ് | പിറവന്തൂർ | |
| 9 | ശോഭന,<br>കുന്നത്ത് തെക്കേതിൽ,<br>മരു: സൗത്ത്,<br>ആലുംകടവ് | 10 | 40.47 ആർസ് | പിറവന്തൂർ | |
| 10 | തങ്കമ്മ, പി.<br>പാലവിള വീട്,<br>ചെമ്മന്തൂർ | 31 | 37.23 ആർസ് | പിറവന്തൂർ | |
| 11 | സുഭദ്ര,<br>പ്ലാവിള വീട്,<br>കടമാൻകോട് | 18 | 32.37 ആർസ് | പിറവന്തൂർ | |
| 12 | സുമതി,<br>വയലിറക്കത്ത് വീട്,<br>രാംമൈൽ,<br>വില്ലുമല | 19 | 32.37 ആർസ് | പിറവന്തൂർ | |
| 13 | മണികണ്ഠൻ,<br>ഗിരിജൻ കോളനി,<br>പുലിക്കയം,<br>ആര്യങ്കാവ് | 100 | 32.37 ആർസ് | പിറവന്തൂർ | |
| 14 | ചെല്ലപ്പൻ,<br>ഗിരിജൻ കോളനി,<br>പള്ളിവാസൽ,<br>ആര്യങ്കാവ് | 78 | 37.23 ആർസ് | പിറവന്തൂർ | |
| 15 | മധുബാബു,<br>ഓലയിൽ ഫ് പുരയിടം,<br>തേവള്ളി, കൊല്ലം | 27 | 37.23 ആർസ് | പിറവന്തൂർ | |
| 16 | തുളസി,<br>ഓലയിൽ ഫ് പുരയിടം,<br>കൊല്ലം. | 14 | 40.47 ആർസ് | പിറവന്തൂർ | |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 17 | വസന്ത മണിയാർ | 26 | 37.23 ആർസ് | പിറവന്തൂർ | |
| 18 | ബിജു, മണിയാർ | 37 | 32.37 ആർസ് | പിറവന്തൂർ | |
| 19 | ശശി, അച്ചൻകോവിൽ | 62 | 32.37 ആർസ് | പിറവന്തൂർ | |
| 20 | അയ്യപ്പൻ, അച്ചൻകോവിൽ | 68 | 32.37 ആർസ് (29.09 ആർസ്) | പിറവന്തൂർ | |
| 21 | ആനന്ദൻ, എ., പുലിക്കയം | 82 | 32.37 ആർസ് | പിറവന്തൂർ | |
| 22 | രാമൻ, പുലിക്കയം | 85 | 32.37 ആർസ് | പിറവന്തൂർ | |
| 23 | രാജു, പുലിക്കയം | 91 | 32.37 ആർസ് | പിറവന്തൂർ | |
| 24 | കുഞ്ഞുമോൻ, പുലിക്കയം | 94 | 32.37 ആർസ് | പിറവന്തൂർ | |
| 25 | ജലജ, പുലിക്കയം | 95 | 32.37 ആർസ് | പിറവന്തൂർ | |
| 26 | കൃഷ്ണൻകുട്ടി, അച്ചൻകോവിൽ | 96 | 32.37 ആർസ് | പിറവന്തൂർ | |
| 27 | വിദ്യാധരൻ, അച്ചൻകോവിൽ | 102 | 32.37 ആർസ് | പിറവന്തൂർ | |
| 28 | ശശി, അച്ചൻകോവിൽ | 106 | 37.23 ആർസ് | പിറവന്തൂർ | |
| | | ആകെ | 9.70.3511 (24.19 ഏക്കർ) | | |

(ഒപ്പ്)
തഹസിൽദാർ

അനുബന്ധം III

## കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്—ഭൂരഹിത പട്ടികവർഗ്ഗക്കാർക്കുള്ള മോഡൽ ട്രൈബൽ കോളനി—5 കോളനികളിലായി 125 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പ്

സ.ഉ. (സാധാ.) 508/2012/പ.ജ.പ.വ.വി.വ. *തിരുവനന്തപുരം, 20-3-2012.*

പരാമർശം :—പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 10-2-2012-ലെ പി.എം.1/11237/11 നമ്പർ കത്ത്.

## ഉത്തരവ്

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരുക്കുന്ന 5 കോളനികളെ മോഡൽ കോളനികളായി ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതി പരാമർശ കത്തുപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

1. 'കുരിയോട്ടുമല' .. കൊല്ലം ജില്ല
2. 'ചാലക്കയം' .. പത്തനംതിട്ട ജില്ല
3. 'കാരാപ്പുഴ' .. വയനാട് ജില്ല
4. 'വാകേരി' .. ,,
5. 'കുഞ്ഞോം' .. ,,

2. ഓരോ മോഡൽ കോളനിയിലും 25 വീടുകൾ വീതം മൊത്തം 125 വീടുകൾ കുറ്റമറ്റ രീതിയിൽ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം വീടൊന്നിന് 5.32 ലക്ഷം രൂപ വീതം 125 വീടിന് മൊത്തം 6.65 കോടി രൂപയുടെ പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

3. 16-2-2012-ന് ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് ടി പ്രൊപ്പോസൽ വീടൊന്നിന് 2.5 ലക്ഷം രൂപ വീതവും പൊതു സൗകര്യങ്ങൾക്കായി കോളനി ഒന്നിന് 1 ലക്ഷം രൂപ വീതവും ചെലവാക്കി പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്ന വ്യവസ്ഥകളോടെ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായി. എന്നാൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനം നടപ്പിലാക്കിയാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്വപ്ന പദ്ധതിയായ മോഡൽ ട്രൈബൽ കോളനികളുടെ രൂപീകരണം യാഥാർത്ഥ്യമാ

ക്കുവാൻ കഴിയുകയില്ലയെന്നതിനാലും മോഡൽ കോളനികളുടെ വിസ്തൃതി ഏറിയതും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഉള്ളതുമായ വീടുകളാണ് നിർമ്മിക്കേണ്ടത് എന്നതിനാലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 16-2-2012-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ എടുത്ത തീരുമാനം (ഇനം നമ്പർ 3) പുനഃപരിശോധിച്ചുകൊണ്ട് ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട്, വകുപ്പിന്റെ സ്വപ്ന പദ്ധതിയായ മോഡൽ ട്രൈബൽ കോളനികളുടെ നിർമ്മാണത്തിനായി മേൽ സൂചിപ്പിച്ച ഓരോ കോളനികളിലും 25 വീടുകൾ വീതം 5 കോളനികളിൽ ആകെ 125 വീടുകൾക്കായി വീടൊന്നിന് 5.32 ലക്ഷം രൂപ (അഞ്ചുലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ) നിരക്കിൽ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ നിന്നുകൊണ്ട് 6.65 കോടി രൂപ (ആറുകോടി അറുപത്തിയഞ്ച് ലക്ഷം രൂപ) 2225-02-800-64-കോർപ്പസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ദേവേന്ദ്രകുമാർ ദൊദാവത്ത്,

*സെക്രട്ടറി.*

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരളം, തിരുവനന്തപുരം

ധനകാര്യവകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

പൊതുഭരണ (എസ്.സി.) വകുപ്പ് (16-3-2012-ലെ ഇനം നമ്പർ 1360 പ്രകാരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.